സ്ഥാപിതം 1964

സ്വതന്ത്രമണ്ഡപം

Independent Daily

പൂത്തോൾ, തൃശൂർ–680004

www.swathanthramandapam.com വാല്യം: 60 ലക്കം: 32 2025 ഏപ്രിൽ 10 വ്യാഴം പേജ്: 2 വില: 1 രൂപ PHONE: 2384127, 2384558 E-mail: smdaily03@yahoo.co.in

സ്വതന്ത്രമണ്ഡപം പത്രത്തിന്റെ ഓൺലൈൻസന്ദർശിക്കുക
Visit
Swathanthra Mandapam Online
www.swathanthramandapam.com

ഹോട്ട് എയർ ബലൂണിൽ കുടുങ്ങിയ 40കാരൻ കയർ പൊട്ടി നിലത്തേക്ക് വീണു, പിന്നാലെ ദാരുണാന്ത്യം

ജയ്പൂർ: അന്തരീക്ഷത്തിൽ കുടുങ്ങിപ്പോയ ഹോട്ട് എയർ ബലൂണിന്റെ കയർ പൊട്ടി നിലത്ത് വീണ 40കാരന് ദാരുണാന്ത്യം. കോട്ട സ്വദേശിയായ വസുദേവ് ഖത്രിയാണ് മരിച്ചത്. രാജസ്ഥാനിലെ ബാരൻ ജില്ലയിൽ ഇന്ന് പുലർച്ചയോടെയായിരുന്നു സംഭവം. അപകടത്തിന്റെ ദൃശ്യങ്ങൾ പുറത്തുവന്നിട്ടുണ്ട്. ബാരൻ ജില്ലയുടെ 35-ാം സ്ഥാപകദിനത്തോടനുബന്ധിച്ച് നടന്ന പരിപാടിക്കിടയിലായിരുന്നു അപകടം. ഹോട്ട് എയർ ബലൂൺ ഉയർത്തുന്നത് കാണാനെത്തിയ ഒരാളാണ് അപകടദൃശ്യങ്ങൾ പകർത്തിയത്. വീഡിയോയിൽ യുവാവ് ഹോട്ട് എയർ ബലൂണിന്റെ സഹായത്തോടെ ഉയരുന്നതും, 40 അടി ഉയരത്തിൽ എത്തിയതോടെ അന്തരീക്ഷത്തിൽ കുടുങ്ങിപ്പോകുന്നതും കാണാം. തുടർന്ന് കയർ പൊട്ടി നിലത്തേക്ക് പതിക്കുകയായിരുന്നു. ഇയാളെ ആശുപത്രിയിൽ എത്തിച്ചെങ്കിലും ജീവൻ രക്ഷിക്കാൻ സാധിച്ചില്ല.

വയനാട് ദുരിതബാധിതരുടെ വായ്പ എഴുതിത്തള്ളണം

കോവിഡ് കാലവുമായി താരതമ്യം ചെയ്യരുത്: ഹൈക്കോടതി

കൊച്ചി: വയനാട് ദുരിതബാധിതരുടെ വായ്പ എഴുതിത്തള്ളണമെന്ന് ആവർത്തിച്ച് ഹൈക്കോടതി. ജീവനോപാധി എന്നന്നേക്കുമായി നഷ്ടമായവരാണെന്നും ഈ സാഹചര്യത്തെ കോവിഡ് കാലവുമായി താരതമ്യം ചെയ്യരുതെന്നും ഹൈക്കോടതി പറഞ്ഞു. വയനാട് ദുരിതബാധിതരുടെ പ്രശ്നങ്ങൾ ഹൈക്കോടതിയുടെ പ്രത്യേക ബെഞ്ചാണ് പരിഗണിക്കുന്നത്. ദുരിതബാധിതരുടെ വായ്പ എഴുതിത്തള്ളണമെന്ന് നേരത്തെതന്നെ ഉന്നയിക്കപ്പെട്ടിരുന്ന വിഷയമാണ്. ഇത് എഴുതിത്തള്ളണമെന്നതാണ് ഹൈക്കോടതിയുടെ നിലപാട്.

ദുരിതബാധിതരുടെ വായ്പയുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാർ ഇപ്പോൾ മൊറട്ടോറിയമാണ് പ്രഖ്യാപിച്ചിട്ടുള്ളത്. കടം എഴുതിത്തള്ളണമെങ്കിൽ കേന്ദ്രസർക്കാർ നിലപാടെടുക്കണം. വായ്പ എഴുതിത്തള്ളുന്ന കാര്യത്തിൽ എന്ത് നിലപാട് സ്വീകരിക്കാനാകുമെന്ന് കോടതി കേന്ദ്രത്തോട് ആരാഞ്ഞു. ബാങ്കുകളെ ഇതിന് വേണ്ടി നിർബന്ധിക്കാനാകില്ലെന്നും അത് അവർ കൈക്കൊള്ളേണ്ട നയപരമായ തീരുമാനമാണെന്നുമായിരുന്നു കേന്ദ്രസർക്കാർ നൽകിയ മറുപടി.

കോവിഡ് കാലത്ത് എംഎസ്എംഇകൾ വായ്പ എഴുതിത്തള്ളണമെന്ന് ആവശ്യപ്പെട്ട് സുപ്രീം കോടതിയെ സമീപിച്ചപ്പോൾ, അത് നിരാകരിച്ച കാര്യം കേന്ദ്രസർക്കാർ ചൂണ്ടിക്കാണിക്കുകയും ചെയ്തു. അപ്പോഴാണ് ഇത് കോവിഡ് കാലവുമായി ഒരുകാരണവശാലും താരതമ്യം ചെയ്യാൻ കഴിയുന്ന സാഹചര്യമല്ലെന്ന് കോടതി പറഞ്ഞത്. കോവിഡ് കാലത്ത് തൽക്കാലത്തേക്ക് വരുമാനം നിലച്ചുവെന്നേ പറയാനാകൂ. എന്നാൽ, വയനാട് ദുരിതബാധിതരുടെ കാര്യം അങ്ങനെയല്ല. എന്നന്നേക്കുമായി അവരുടെ ജീവനോപാധി നഷ്ടപ്പെട്ടതാണ്. അതിനാൽ അവരുടെ വായ്പകൾ എഴുതിത്തള്ളണമെന്നും ഹൈക്കോടതി ഡിവിഷൻ ബെഞ്ച് വ്യക്തമാക്കി.

12 ബാങ്കുകളിൽനിന്നായി 320 കോടിയോളം രൂപയുടെ വായ്പയാണുള്ളത്. ഇതിൽ കേരള ബാങ്കിന്റെ കടം എഴുതിത്തള്ളിയിരുന്നു. ഇക്കാര്യം കോടതി എടുത്തുപറയുകയും ചെയ്തു. കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ വിഷയം പരിശോധിക്കാമെന്ന് കേന്ദ്രം കോടതിയെ അറിയിച്ചു.

കാട്ടാന ആക്രമണം

ചാലക്കുടി: അതിരപ്പിള്ളി വെറ്റിലപ്പാറയിൽ കാട്ടാന ആക്രമണത്തിൽ മധ്യവയസ്കന് പരിക്ക്. എളംപ്ലാശ്ശേരി ജിമ്മിക്കാണ് ആനയുടെ തുമ്പിക്കൈ കൊണ്ടുള്ള അടിയേറ്റത്.

പ്രസവമെടുക്കാൻ സഹായിച്ച സ്ത്രീ കസ്റ്റഡിയിൽ

മലപ്പുറം: വീട്ടിൽ പ്രസവിച്ച യുവതി മരിച്ച സംഭവത്തിൽ ഒരാൾ കൂടി പൊലീസ് കസ്റ്റഡിയിൽ. മരിച്ച അസ്മയുടെ പ്രസവം എടുക്കാൻ സഹായിച്ച ഒതുക്കുങ്ങൽ സ്വദേശി ഫാത്തിമയെയാണ് മലപ്പുറം പൊലീസ് കസ്റ്റഡിയിലെടുത്തത്. സംഭവത്തിൽ അസ്മയുടെ ഭർത്താവ് സിറാജുദ്ദീനെ നേരത്തേ പൊലീസ് അറസ്റ്റ് ചെയ്തിരുന്നു.

35കാരിയായ അസ്മയെ വീട്ടിൽ വച്ച് പ്രസവിക്കാൻ മനഃപൂർവം നിർബന്ധിച്ചുവെന്നാണ് സിറാജുദ്ദീനെതിരായ കുറ്റം. പ്രസവത്തിൽ അസ്മ മരിച്ചതിനാൽ നരഹത്യയും പിന്നീട് തെളിവ് നശിപ്പിച്ചതിനാൽ ഈ കുറ്റവും സിറാജുദ്ദീനെതിരെ ചുമത്തിയിട്ടുണ്ട്. അസ്മയുടെ നേരത്തേയുള്ള നാല് പ്രസവങ്ങളിൽ രണ്ടെണ്ണം വീട്ടിലാണ് നടന്നത്. ആശുപത്രിയിൽ പോയി പ്രസവിക്കാൻ ഭർത്താവ് സമ്മതിക്കാത്തതിനാലാണ് വീട്ടിൽ പ്രസവം നടത്തിയതെന്ന് അന്വേഷണത്തിൽ വ്യക്തമായതായി പൊലീസ് പറഞ്ഞു.

വീണ്ടും സ്വർണം കുതിച്ചുയർന്നു; ഒറ്റ ദിവസം കൊണ്ട് കൂടിയത് 2,160 രൂപ



തിരു: സംസ്ഥാനത്ത് ചരിത്രത്തിലാദ്യമായി സ്വർണവിലയിൽ വൻവർദ്ധനവ്. ഇന്ന് ഒരു പവന് 2,160 രൂപ വർദ്ധിച്ച് 68,480 രൂപയായി. ഒരു ഗ്രാം 22 കാരറ്റ് സ്വർണത്തിന് 8,560 രൂപയും ഒരു ഗ്രാം 24 കാരറ്റ് സ്വർണത്തിന് 9,338 രൂപയുമായി.

ഇന്ന് ഏറ്റവും കുറഞ്ഞ പണിക്കൂലിയിൽ ഒരു പവൻ വാങ്ങണമെങ്കിൽ 74,000 രൂപയ്ക്ക് മുകളിൽ നൽകണം. ഇന്നലെയും പവന് 520 രൂപ ഉയർന്നിരുന്നു. ഇതോടെ രണ്ട് ദിവസം കൊണ്ട് ഒരു പവൻ സ്വർണത്തിന് 2,680 രൂപയുടെ വർദ്ധനവാണ് സംഭവിച്ചത്.

നേരത്തെ സ്വർണവിലയിൽ ഇടിവ് സംഭവിച്ചത് ആഭരണം വാങ്ങാൻ കാത്തിരുന്നവർക്ക് വലിയ പ്രതീക്ഷയായിരുന്നു നൽകിയിരുന്നത്. അമേരിക്കൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപിന്റെ തീരുവ യുദ്ധം സ്വർണവില ഉയരാനും കാരണമായി. അന്താരാഷ്ട്ര സ്വർണവില 3126 ഡോളറും,രൂപയുടെ വിനിമയ നിരക്ക് 86.23ലും ആണ്.

ഏപ്രിലിലെ സ്വർണവില

ഏപ്രിൽ 1 - ഒരു പവൻ സ്വർണത്തിന് 680 രൂപ ഉയർന്നു. വിപണി വില 68,080 രൂപ

ഏപ്രിൽ 2 - സ്വർണവിലയിൽ മാറ്റമില്ല. വിപണി വില 68,080 രൂപ

ഏപ്രിൽ 3 - ഒരു പവൻ സ്വർണത്തിന് 400 രൂപ ഉയർന്നു. വിപണി വില 68,480 രൂപ

ഏപ്രിൽ 4 -ഒരു പവൻ സ്വർണത്തിന് 1280 രൂപ കുറഞ്ഞു. വിപണി വില 67,200 രൂപ

ഏപ്രിൽ 5 - ഒരു പവൻ സ്വർണത്തിന് 720 രൂപ കുറഞ്ഞു. വിപണി വില 66,480 രൂപ

ഏപ്രിൽ 6 - സ്വർണവിലയിൽ മാറ്റമില്ല. വിപണി വില 66,480 രൂപ

ഏപ്രിൽ 7 - ഒരു പവൻ സ്വർണത്തിന് 200 രൂപ കുറഞ്ഞു. വിപണി വില 66,280 രൂപ

ഏപ്രിൽ 8 - ഒരു പവൻ സ്വർണത്തിന് 480 രൂപ കുറഞ്ഞു. വിപണി വില 65,800 രൂപ

ഏപ്രിൽ 9 - ഒരു പവൻ സ്വർണത്തിന് 520 രൂപ ഉയർന്നു. വിപണി വില 66,320 രൂപ

ഏപ്രിൽ 10 - ഒരു പവൻ സ്വർണത്തിന് 2160 രൂപ ഉയർന്നു. വിപണി വില 68,480 രൂപ

ഐപിഎൽ മത്സരത്തിന് പിന്നാലെ തിരിച്ചടി, സഞ്ജു സാംസന് ലക്ഷങ്ങളുടെ പിഴ

അഹമ്മദാബാദ്: ഇന്നലെ നടന്ന ഐപിഎൽ മത്സരത്തിൽ ഗുജറാത്ത് ടൈറ്റൻസിനോട് വൻ തോൽവി ഏറ്റുവാങ്ങിയതിന് പിന്നാലെ രാജസ്ഥാൻ റോയൽസ് ക്യാപ്ടൻ സഞ്ജു സാംസന് ലക്ഷങ്ങളുടെ പിഴ. രാജസ്ഥാൻ റോയൽസ് ടീം സ്ലോ ഓവർ റേറ്റ് നിലനിർത്തിയതിനാണ് നായകൻ സഞ്ജു സാംസണിന് 24 ലക്ഷം രൂപ പിഴ ചുമത്തിയിരിക്കുന്നത്. സീസണിലെ രാജസ്ഥാൻ റോയൽസിന്റെ രണ്ടാമത്തെ ഓവർ റേറ്റ് പ്രകടനമാണിത്. ഓവറുകൾ തീർക്കുന്നത് വൈകുന്നതാണ് സ്ലോ ഓവർ റേറ്റ്.

സഞ്ജുവിന് മാത്രമല്ല ടീമിലെ മറ്റ് അംഗങ്ങൾക്കും പിഴ ചുമത്തിയിട്ടുണ്ട്. ആറുലക്ഷം രൂപയോ വ്യക്തിഗത മാച്ച് ഫീയുടെ 25 ശതമാനമോ ആണ് പ്ളേയിംഗ് ഇലവൻ പിഴയൊടുക്കേണ്ടത്. ഐപിഎൽ പെരുമാറ്റച്ചട്ടം ലംഘിക്കുന്നതിന് ഈ സീസണിൽ പിഴ ലഭിക്കുന്ന അഞ്ചാമത്തെ ക്യാപ്റ്റനാണ് സഞ്ജു സാംസൺ. മുംബയ് ഇന്ത്യൻസിന്റെ ഹാർദ്ദിക് പാണ്ഡ്യ, രാജസ്ഥാൻ റോയൽസിന്റെ റിയാൻ പരാഗ്, ലക്നൗ സൂപ്പർ ജയന്റ്സിന്റെ റിഷഭ് പന്ത്, റോയൽ ചലഞ്ചേഴ്സ് ബംഗളൂരുവിന്റെ രജത് പട്ടീഡാർ എന്നിവരാണ് പിഴ ലഭിച്ച മറ്റ് നായകന്മാർ.

ഐപിഎൽ 2025 പോയിന്റ് പട്ടികയിൽ നിലവിൽ ഏഴാം സ്ഥാനത്താണ് രാജസ്ഥാൻ റോയൽസ്. ഇന്നലെ അഹമ്മദാബാദിൽ ടോസ് നഷ്ടപ്പെട്ട് ബാറ്റിംഗിനിറങ്ങിയ ഗുജറാത്ത് നിശ്ചിത 20 ഓവറിൽ 6വിക്കറ്റ് നഷ്ടത്തിൽ 217 റൺസെടുത്തപ്പോൾ രാജസ്ഥാന്റെ മറുപടി 19.2 ഓവറിൽ 159 റൺസിൽ ഒതുങ്ങുകയായിരുന്നു. 58 റൺസിനായിരുന്നു ഗുജറാത്തിന്റെ ജയം. ഗുജറാത്ത് ടൈറ്റൻസിനോട് മുട്ടുമടക്കിയ നാണക്കേടിൽ നിന്ന് കരകയറാൻ ഏപ്രിൽ 13ന് നടക്കുന്ന മത്സരത്തിൽ റോയൽ ചലഞ്ചേഴ്സ് ബംഗളൂരുവിനെ നേരിടാനൊരുങ്ങുകയാണ് സഞ്ജുവും സംഘവും.

നാലരപ്പവന്റെ മാലയ്ക്കായി അരുംകൊല; വിനീത കൊലക്കേസിൽ പ്രതി രാജേന്ദ്രൻ കുറ്റക്കാരൻ

തിരു: അമ്പലംമുക്കിലെ അലങ്കാരച്ചെടി വിൽപ്പനശാലയിലെ ജീവനക്കാരി നെടുമങ്ങാട് കരിപ്പൂർ ചരുവള്ളികോണം സ്വദേശിനി വിനീത(38)യെ കൊലപ്പെടുത്തിയ കേസിൽ പ്രതി കുറ്റക്കാരൻ. കേസിലെ പ്രതിയായ കന്യാകുമാരി തോവാള വെള്ളമഠം രാജീവ് നഗർ സ്വദേശി രാജേന്ദ്രനെയാണ് തിരുവനന്തപുരം ഏഴാം അഡീഷണൽ ജില്ലാ സെഷൻസ് ജഡ്ജി പ്രസൂൺ മോഹൻ കുറ്റക്കാരനാണെന്ന് കണ്ടെത്തിയത്.

കേസ് 21ന് വീണ്ടും പരിഗണിക്കും. അന്നേദിവസം പ്രതിയെ സംബന്ധിച്ചുള്ള 7 റിപ്പോർട്ടുകൾ ഹാജരാക്കാൻ കോടതി നിർദേശിച്ചു. തിരുവനന്തപുരം ജില്ലാ കളക്ടർ, കന്യാകുമാരി ജില്ലാ കളക്ടർ, സൈക്യാട്രിസ്റ്റ് തുടങ്ങിയവരിൽ നിന്നാണ് കോടതി റിപ്പോർട്ട് ആവശ്യപ്പെട്ടത്. അന്നേദിവസം ഈ റിപ്പോർട്ടുകൾ പരിശോധിച്ചശേഷമായിരിക്കും ശിക്ഷ വിധിക്കുക. പ്രതി നേരത്തെ കൊലപാതകങ്ങൾ നടത്തിയതിനാൽ ഇയാളുടെ മാനസികാവസ്ഥ ഉൾപ്പെടെ പരിശോധിക്കണമെന്നാണ് സൈക്യാട്രിസ്റ്റിൽനിന്നുൾപ്പെടെ കോടതി റിപ്പോർട്ട് തേടിയത്.

വിനീതയുടെ കഴുത്തിൽക്കിടന്ന നാലരപ്പവന്റെ മാല കവരുന്നതിനായി പ്രതി വിനീതയെ കുത്തി കൊലപ്പെടുത്തിയെന്നാണ് പ്രോസിക്യൂഷൻ കേസ്. 2022 ഫെബ്രുവരി 6ന് പകൽ 11.50-നാണ് ചെടി വാങ്ങാൻ എന്ന വ്യാജേന എത്തി പ്രതി കൊലപാതകം നടത്തിയത്. കൊല്ലപ്പെടുന്നതിന് 9മാസം മുൻപാണ് വിനീത ഇവിടെ ജോലിക്കെത്തിയത്. ഹൃദ്രോഗബാധിതനായ ഭർത്താവ് മരിച്ചതിനെ തുടർന്ന് 2 മക്കളെ പോറ്റുന്നതിനാണ് അലങ്കാരച്ചെടി വിൽപ്പനശാലയിലെ ജീവനക്കാരിയായത്.

തോവാള വെള്ളമഠം സ്വദേശിയും കസ്റ്റംസിലെ ഉദ്യോഗസ്ഥനുമായ സുബ്ബയ്യ, ഭാര്യ വാസന്തി, വളർത്തു മകൾ 13-കാരിയായ അഭിശ്രീ എന്നിവരെ കൊലപ്പെടുത്തിയ കേസിൽ ജാമ്യത്തിൽ കഴിയവേയാണ് പ്രതി വിനീതയെ കൊലപ്പെടുത്തിയത്. പ്രതി എത്തുന്നതും സംഭവസ്ഥലത്തുനിന്ന് മടങ്ങിപ്പോകുന്നതുമായ സിസിടിവി ദൃശ്യങ്ങൾ പ്രോസിക്യൂഷൻ കോടതിയിൽ ഹാജരാക്കി, പ്രതിയുടെ കൊലപാതകത്തിലെ പങ്ക് വ്യക്തമാക്കി.

ദൃക്സാക്ഷികൾ ഇല്ലാതിരുന്ന കേസിൽ സാഹചര്യ തെളിവുകളെ മാത്രം ആശ്രയിച്ച പ്രോസിക്യൂഷൻ 118 സാക്ഷികളിൽ 96 പേരെ സാക്ഷികളായി വിസ്തരിച്ചു. പ്രതിയുടെ സഞ്ചാരപഥം വ്യക്തമാക്കുന്നതിന് സി.സി. ടി.വി. ദൃശ്യങ്ങൾ അടങ്ങിയ 12 പെൻഡ്രൈവ്, 7 ഡി. വി. ഡി. എന്നിവയും 222 രേഖകളും പ്രോസിക്യൂഷൻ കോടതിയിൽ ഹാജരാക്കി. പ്രോസിക്യൂഷനുവേണ്ടി സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടർ എം. സലാഹുദ്ദീൻ ഹാജരായി.

നഴ്സിംഗ് കോളേജിലെ റാഗിംഗ്; പ്രതികൾക്ക് ജാമ്യം

കോട്ടയം: സർക്കാർ നഴ്സിംഗ് കോളേജിലെ റാഗിംഗ് കേസിലെ പ്രതികൾക്ക് ജാമ്യം. പ്രായം പരിഗണിച്ചാണ് പ്രതികൾക്ക് ജാമ്യം നൽകിയതെന്ന് കോട്ടയം ജില്ലാ സെഷൻസ് കോടതി ചൂണ്ടിക്കാട്ടി. ഇവർ മുമ്പ് കുറ്റകൃത്യങ്ങളിൽ ഏർപ്പെട്ടിട്ടില്ലാത്തതും കോടതി പരിഗണിച്ചു. ദിവസങ്ങൾക്ക് മുമ്പാണ് കേസിൽ കുറ്റപത്രം സമർപ്പിച്ചത്.

റാണയെ പാർപ്പിക്കുക കസബിനെ തടവിലിട്ട അതേ ബാരകിൽ

ന്യൂഡൽഹി: മുംബയ് ഭീകരാക്രമണത്തിലെ ഗൂഢാലോചനയിൽ പങ്കുള്ള പാക് വംശജനായ പ്രതി തഹാവൂർ റാണയെ ഇന്ന് ഇന്ത്യയിലെത്തിച്ചു. യു എസിൽ നിന്ന് ഇയാളെ വഹിച്ചുള്ള പ്രത്യേക വിമാനം ഉച്ചകഴിഞ്ഞ് ഡൽഹി രാജ്യാന്തര വിമാനത്താവളത്തിൽ ഇറങ്ങി. തുടർന്ന് കോടതിയിൽ ഹാജരാക്കിയശേഷം ജയിലിലേക്ക് മാറ്റും. അതീവ രഹസ്യമായിട്ടായിരിക്കും യാത്ര.

കേസിന്റെ വാദം കേൾക്കുന്നതിനായി കേന്ദ്ര സർക്കാർ അഭിഭാഷകൻ നരേന്ദ്ര മാനെ സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടറായി നിയമിച്ചു. മുംബയ് ഭീകരാക്രമണ കേസിലെ പ്രതി അജ്മൽ കസബിനെ പാർപ്പിച്ച ആർതർ റോഡിലെ സെൻട്രൽ ജയിലിൽ 12-ാം നമ്പർ ബാരക്കിലായിരിക്കും ഇയാളെ പാർപ്പിക്കുകയെന്ന് റിപ്പോർട്ടുകളുണ്ട്. ജയിലിലെ ഒരുക്കങ്ങൾ പൂർത്തിയായതായി ഔദ്യോഗിക വൃത്തങ്ങൾ അറിയിച്ചു. ഇന്ത്യയിലെത്തിച്ച ശേഷം എൻ ഐ എ റാണയെ വിശദമായി ചോദ്യം ചെയ്യും.

2008 നവംബറിൽ നടന്ന ഭീകരാക്രമണത്തിൽ 166 പേരാണ് കൊല്ലപ്പെട്ടത്. ഭീകരാക്രമണത്തിന് പ്രധാന ആസൂത്രകനായ പാകിസ്ഥാൻ-അമേരിക്കൻ ഭീകരൻ ഡേവിഡ് കോൾമാൻ ഹെഡ്ലിയുടെ കൂട്ടാളിയാണ് 64കാരനായ തഹാവൂർ റാണ.

പാകിസ്ഥാനിലെ പഞ്ചാബ് പ്രവിശ്യയിലാണ് ജനിച്ചത്. പാക് ആർമി മെഡിക്കൽ കോറിൽ പ്രവർത്തിച്ചിരുന്നു. തുടർന്ന് 1997മുതൽ കാനഡയിൽ ജീവിതം തുടങ്ങി. ഹെഡ്ലിയുമായുള്ള പരിചയം ഭീകര സംഘടനയായ ലഷ്കർ-ഇ-തയ്ബയിലേക്കും പാക് ചാരസംഘടനയായ ഐ എസ് ഐയിലേക്കും അടുപ്പിച്ചു.

റാണയ്ക്കെതിരെ എൻഐഎ കുറ്റപത്രം സമർപ്പിച്ചിരുന്നു. കുറ്റപത്രം പ്രകാരം ഹെഡ്ലി, റാണ, ലഷ്കർ ഇ തയ്ബ സ്ഥാപകൻ സാക്കിയുർ റഹ്മാൻ തുടങ്ങിയവർ ചേർന്നാണ് മുംബയ് ഭീകരാക്രമണം ആസൂത്രണം ചെയ്തത്.

ആക്രമണം നടത്താനുള്ള സ്ഥലങ്ങൾ സന്ദർശിച്ചതും ഭീകരർക്ക് സാമ്പത്തിക, യാത്രാ സൗകര്യങ്ങൾ ലഭ്യമാക്കിയതും റാണയാണെന്നാണ് കുറ്റപത്രത്തിൽ പറയുന്നത്. യു എസ് അന്വേഷണ ഏജൻസി എഫ് ഐ ബി 2009 ഒക്ടോബറിൽ ഹെഡ്ലിയെയും റാണയെയും അറസ്റ്റു ചെയ്തു.

ഡെൻമാർക്കിൽ ഭീകരാക്രമണത്തിന് പദ്ധതിയിട്ടതിനും ലഷ്കർ ഭീകരരെ സഹായിച്ചതിനും 2013ൽ റാണയ്ക്ക് ഷിക്കാഗോ കോടതി 14 വർഷം തടവ് വിധിച്ചിരുന്നു. ലോസാഞ്ചലസിലെ ഫെഡറൽ തടങ്കൽ കേന്ദ്രത്തിലായിരുന്നു റാണയെ പാർപ്പിച്ചിരുന്നത്.

റാണയെ ഇന്ത്യക്ക് കൈമാറാൻ 2023 മേയിലാണ് കാലിഫോർണിയ കോടതി ഉത്തരവിട്ടത്. അപ്പീലുകൾ തള്ളിയതോടെയാണ് റാണ സുപ്രീം കോടതിയെ സമീപിച്ചു. ഹർജി യു എസ് സുപ്രീം കോടതി നേരത്തെ തള്ളിയിരുന്നു.

റാണ കുറ്റക്കാരനാണെന്ന് വ്യക്തമാക്കുന്ന തെളിവുകൾ ഇന്ത്യ അമേരിക്കയ്ക്ക് കൈമാറിയിരുന്നു. പിന്നാലെ റാണയുടെ ഹർജി തള്ളണമെന്ന് യുഎസ് സർക്കാർ സുപ്രീം കോടതിയോട് ആവശ്യപ്പെട്ടു. സുപ്രീം കോടതി റാണയുടെ ഹർജി തള്ളിയതോടെ യു എസ് - ഇന്ത്യ കുറ്റവാളി കൈമാറ്റ ഉടമ്പടി പ്രകാരം റാണയെ കൈമാറുന്നതിനുണ്ടായിരുന്ന തടസങ്ങൾ നീങ്ങുകയായിരുന്നു.

തീവ്രവാദിയായ അജ്മൽ കസബിന് നൽകിയതുപോലെ തഹാവൂർ റാണയ്ക്ക് ഇന്ത്യ പ്രത്യേക പരിഗണന നൽകരുതെന്ന് ചായക്കച്ചവടം നടത്തുന്ന 'ഛോട്ടു ചായ് വാല' എന്നറിയപ്പെടുന്ന മുഹമ്മദ് തൗഫീഖ് പറഞ്ഞു.

'ഇന്ത്യയെ സംബന്ധിച്ചിടത്തോളം, അയാൾക്ക് ഒരു സെൽ നൽകേണ്ട ആവശ്യമില്ല. കസബിന് നൽകിയതുപോലെ ബിരിയാണി പോലുള്ള സൗകര്യങ്ങളും നൽകരുത്. തീവ്രവാദികൾക്കായി ഒരു പ്രത്യേക നിയമം ഉണ്ടായിരിക്കണം, രണ്ട്-മൂന്ന് മാസത്തിനുള്ളിൽ അവരെ തൂക്കിലേറ്റുന്ന ഒരു സംവിധാനം നിലവിലുണ്ടാകണം'- അദ്ദേഹം പറഞ്ഞു.

നവംബർ 26ലെ ഭീകരാക്രമണത്തിലെ നായകന്മാരിൽ ഒരാളാണ് തൗഫീഖ്. അദ്ദേഹത്തിന്റെ ജാഗ്രത കാരണം, ഛത്രപതി ശിവാജി ടെർമിനസ് (സിഎസ്ടി) സ്റ്റേഷനിലുണ്ടായിരുന്ന നൂറുകണക്കിനാളുകളാണ് രക്ഷപ്പെട്ടത്.

നാട്ടുകാരനായ യുവാവിന്റെ കൊല പ്രതികളായ അച്ഛനും മകനും ജീവപരന്ത്യം തടവിനു പുറമേ മറ്റു വകുപ്പുകളിലും ശിക്ഷ

തൃശൂർ: നാട്ടുകാരനായ യുവാവിനെ കൊന്ന കേസിൽ പ്രതികളായ അച്ഛനും മകനും ജീവപര്യന്തം തടവിനും പുറമെ മറ്റു വകുപ്പുകളിലും ശിക്ഷ. മണലൂർ ഉല്ലാസ് റോഡ് നിവാസികളായ തിരുത്തിയിൽ വേലിക്കുട്ടി, (67) ടിയാൻ മകൻ അനിൽകുമാർ (41) എന്നിവർക്കാണ് തൃശ്ശൂർ ഒന്നാം അഡീഷണൽ ജില്ലാ ജഡ്ജ് ടി കെ മിനിമോൾ കുറ്റക്കാരാണെന്ന് കണ്ട് ശിക്ഷ വിധിച്ചത്.

2014 ഏപ്രിൽ ഒന്നാം തീയതിയാണ് കേസിലെ സംഭവം ഉണ്ടായത്.പ്രതികളുടെ അയൽവാസിയായ റബീഷ് ശോഭിത് എന്നിവർ പ്രതികളുടെ വീടിന്റെ മുന്നിൽ കൂടെ നടന്നു പോവുകയായിരുന്നു. ശോഭിത്തിന്റെ വീട്ടുകാരുമായി വൈരാഗ്യം ഉണ്ടായിരുന്ന പ്രതികൾ ഇവരെ തടഞ്ഞു നിർത്തി അരിവാൾ കൊണ്ട് വെട്ടിയും അടിച്ചും ചവിട്ടിയും ക്രൂരമായി ആക്രമിച്ചു. ആക്രമണത്തിൽ ഇരുവർക്കും ഗുരുതരമായി പരിക്കേൽക്കുകയും പരിക്കിന്റെ കാഠിന്യത്തിൽ റബീഷ് ആശുപത്രിയിൽ വച്ച് മരണപ്പെടുകയും ചെയ്തു. കഠിനമായി പരിക്കേറ്റ ശോഭിത്ത് ഐ സി യുവിൽ പ്രവേശിക്കപ്പെടുകയും ഉണ്ടായി. അന്തിക്കാട് പോലീസ് കേസ് രജിസ്റ്റർ ചെയ്തു അന്വേഷണം പൂർത്തിയാക്കി കുറ്റപത്രം സമർപ്പിച്ചു. എന്നാൽ കോടതിയിൽ തെളിവെടുക്കുന്നതിനു മുമ്പ് ശോഭിത് ഒരു വാഹന അപകടത്തിൽ മരണപ്പെട്ടു. ആയത് പ്രോസിക്യൂഷന് പ്രതിസന്ധിയായി. എങ്കിലും യുവാക്കളുടെ കരച്ചിൽ കെട്ട് ഓടിവന്ന സാക്ഷികളുടെ മൊഴിയും ശാസ്ത്രീയ തെളിവും സാഹചര്യ തെളിവുകളും പ്രതികളെ കുറ്റക്കാരനാണെന്ന് കണ്ടെത്താൻ പ്രോസിക്യൂഷൻ കോടതിയിൽ അവതരിപ്പിച്ചു. പ്രോസിക്യൂഷൻ ഭാഗത്തുനിന്നും 18 സാക്ഷികളെയും 31 രേഖകളും പത്തോളം തൊണ്ടിമുതലും ഹാജരാക്കി. വിചാരണയുടെ അവസാനവേളയിൽ ഒളിവിൽ പോയ ഒന്നാം പ്രതിയെ കർണാടകയിലേക്ക് കടക്കാൻ ശ്രമിക്കുന്ന സമയത്ത് നിലമ്പൂർ നിന്നും അറസ്റ്റ് ചെയ്യുകയും കോടതി റിമാൻഡിൽ പാർപ്പിച്ച് വിചാരണ പൂർത്തിയാക്കുകയും ചെയ്തു.

കൊലപാതകത്തിനു ജീവപരന്ത്യം കഠിന തടവിനു പുറമെ 2 ലക്ഷം രൂപ വീതം ഒരോ പ്രതികൾക്കും ശിക്ഷ വിധിച്ച കോടതി ശോഭിതിനെ ആക്രമിച്ചതിനു പ്രതികളെ 5 കൊല്ലം കഠിന തടവിനും 50,000/ രൂപ പിഴക്കും മറ്റു വിവിധ വകുപ്പുകളിലായി 10 മാസം തടവും 10,000 / രൂപ പിഴയും വേറെ വിധിച്ചു. ജീവപരന്ത്യം ഒഴികെ ഉള്ള ശിക്ഷ ആദ്യം അനുഭവിക്കാനും അതിനു ശേഷം മാത്രം ജീവപരന്ത്യം ശിക്ഷ തുടങ്ങാനും കോടതി പ്രത്യേകം നിർദ്ദേശിച്ചു. സമൂഹത്തിനു സന്ദേശമാകുന്ന തരത്തിൽ ശിക്ഷ നൽകണമെന്ന പ്രോസിക്യൂഷൻ വാദം കോടതി അംഗീകരിച്ചാണ് ശിക്ഷ വിധി പ്രഖ്യാപിച്ചത്. പ്രോസിക്യൂഷനു വേണ്ടി പബ്ലിക് പ്രോസിക്യൂട്ടർ മാരായ അഡ്വ. കെ. ബി. സുനിൽകുമാർ അഡ്വ: ലിജി മധു എന്നിവർ ഹാജരായി.

കോടതി പരസ്യം

ബഹു. ഇരിഞ്ഞാലക്കുട MACT മുമ്പാകെ

OP(MV): 484/2021

ഓമന ജോസ് etc

- ഹരജിക്കാർ

1) ജോബി, S/o. ജോസ്, തളിയത്ത് ഹൗസ്, കൊരട്ടി ദേശം, കൊരട്ടി പി ഒ

2) ജോൺ ടി ജെ, S/o. ജോസ്, തളിയത്ത് ഹൗസ്, കൊരട്ടി ദേശം, കൊരട്ടി പി ഒ

-1, 2 എതൃകക്ഷികൾ

മേൽ നമ്പറിൽ 1, 2 എതൃകക്ഷികൾക്കുള്ള നോട്ടീസ് പരസ്യം ചെയ്യുന്നതിന് അനുവദിച്ച് 26-05-2025 തിയ്യതിയിലേക്ക് വിചാരണക്ക് വെച്ചിരിക്കുന്നു. അന്നേദിവസം നിങ്ങളോ ക്രമപ്രകാരം അധികാരപ്പെടുത്തിയ അഡ്വക്കേറ്റ് മുഖാന്തിരമോ രാവിലെ 11 മണിക്ക് കോടതിയിൽ ഹാജരാകാത്തപക്ഷം നിങ്ങളെ എക്സ്പാർട്ടിയാക്കി കല്പിക്കുന്നതാണെന്ന് ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

എന്ന്, 9-4-2025

ഹരജിഭാഗം അഡ്വക്കേറ്റ്

**സണ്ണി

RNI No. 7675/1964, Edited, Printed & Published by A. Mohammed at Kairaly Printers for Chethana Printers, Thrissur-4

ലഹരിക്കെതിരെ പ്രവർത്തിക്കാൻ മീനുകളും അക്വാറിയവും വിദ്യാർത്ഥികൾക്ക് സമ്മാനിച്ച് സ്റ്റൈജുമാസ്റ്റർ

തൃശൂർ: തൃശ്ശൂർ കാൽഡിയൻ ഹയർ സെക്കൻഡറി സ്കൂളിലെ പ്ലസ്ടു വാല്യൂവേഷൻ ക്യാമ്പിലാണ് വേറിട്ട ലഹരിവിരുദ്ധ പ്രവർത്തനം നടന്നത്. ക്യാമ്പിലെ അധ്യാപകർക്ക് ചായയും പലഹാരങ്ങളും വിതരണം ചെയ്യുന്ന പാലക്കാട് ജില്ലയിലെ ചില്ലുപ്പടി സ്വദേശികളായ വിദ്യാർത്ഥികൾക്കാണ് സമ്മാനമായി മീനുകളും അക്വാറിയം സമ്മാനിച്ചത്.

12 വർഷക്കാലമായി തൃശ്ശൂർ ജില്ലയിൽ സ്കൂട്ടറിൽ ചായ വിറ്റ് ഉപജീവനം നടത്തുന്ന വടക്കുംചേരി മുടപ്പല്ലൂർ അജീഷിന്റെമക്കളായ ആദിത്യ, ശ്രീഹരി എന്നിവർക്കാണ് ലഹരിക്കെതിരെയുള്ള പോരാട്ടത്തിൽ ഭാഗമായി ഫൈറ്റർ വിഭാഗത്തിൽപ്പെട്ട മീനുകളെ സമ്മാനിച്ചത്. അവധിക്കാലത്ത് അച്ഛനെ സഹായിക്കാനായി അമ്മ ദിവ്യയോടൊപ്പം ഇറങ്ങിത്തിരിച്ച ഈ കുട്ടികളുടെ മാതൃകാപരമായ പെരുമാറ്റം കണ്ടാണ് സ്റൈജു മാസ്റ്റർ സ്കൂൾ പ്രിൻസിപ്പലിൽ നിന്നും കുട്ടികളിൽ നിന്നും അവരുടെ കാര്യങ്ങൾ ചോദിച്ചറിഞ്ഞത്.

അവധിക്കാലത്ത് വിശ്രമവേളകൾ ഉചിതമായി ഉപയോഗിക്കാൻ കുട്ടികൾക്ക് ആട്ടിൻ കുട്ടികളെ സമ്മാനിക്കുന്ന പദ്ധതിയുടെ പ്രയോക്താവാണ് മറ്റം സെൻറ് ഫ്രാൻസിസ് ഹയർ സെക്കൻഡറി സ്കൂളിലെ സംസ്കൃത അധ്യാപകനായ സ്റ്റൈജുമാസ്റ്റർ. അവധിക്കാലത്ത് കളിച്ചു നടക്കേണ്ട വിദ്യാർത്ഥികൾ അച്ഛനെ സഹായിക്കാൻ അമ്മയോടൊപ്പം ഇറങ്ങിത്തിരിച്ച മാതൃകാപരമായ പെരുമാറ്റം കണ്ട് അവർക്ക് ഇഷ്ടപ്പെട്ട മീനുകളും , തീറ്റയും അക്വാറിയവും നൽകിയാണ് മാസ്റ്റർ ആദരിച്ചത്.

സ്കൂളിൽ നടന്ന ചടങ്ങിൽ സ്കൂൾ പ്രിൻസിപ്പലും ദേശീയ അധ്യാപക അവാർഡ് ജേതാവുമായ ഡോക്ടർ അബി പോൾ വിദ്യാർത്ഥികൾക്ക് മീനുകളും ഒരു വർഷത്തേക്കുള്ള മീൻ തീറ്റയും സമ്മാനിച്ചു. പി. ജെ സ്റ്റൈജു പദ്ധതി വിശദീകരണം നടത്തി. മേജർ മായ എൻ എസ് , ഡോക്ടർ മഹേഷ് ബാബു എസ്.എൻ , ശാലിനി വി ആർ, ശ്രീലേഖ പി ,ഡോക്ടർ ദിനേശൻ എന്നിവർ കുട്ടികളെ അനുമോദിച്ചു സംസാരിച്ചു വടക്കുഞ്ചേരി ചെറുപുഷ്പം വിദ്യാലയത്തിലെ എട്ടാം ക്ലാസ് വിദ്യാർത്ഥി ആദിത്യക്ക് ചുകപ്പ് നിറത്തിലും വടക്കഞ്ചേരി മദർ തെരേസ യുപി സ്കൂളിലെ അഞ്ചാം ക്ലാസ് വിദ്യാർത്ഥി ശ്രീഹരിക്ക് നീലനിറത്തിലും ബന്ധുവായ കല്ലുങ്കൽ പാടം ഹയർ സെക്കൻഡറി സ്കൂളിലെ പ്ലസ് വൺ വിദ്യാർഥി അഭിനയക്ക് ഗോൾഡൻ നിറത്തിലുള്ള ഫൈറ്റർ വിഭാഗത്തിലുള്ള മീനുകളാണ് അവരുടെ ഇഷ്ടമനുസരിച്ച് അവധിക്കാലം ആഘോഷമാക്കാൻ മാസ്റ്റർ സമ്മാനിച്ചത്. ഞങ്ങളുടെ കുടുംബത്തിന് ലഭിച്ച വലിയ അംഗീകാരമാണ് ഇത്തരം ഉപഹാരങ്ങൾ എന്ന് ആനന്ദാശ്രുക്കളുമായി മാതാപിതാക്കളായ അജീഷ്, ദിവ്യ എന്നിവർ പറഞ്ഞു. അവധിക്കാലം ഉചിതമായി ഉപയോഗിക്കാൻ കുട്ടികൾക്ക് ആടുകളെ വിതരണം ചെയ്തു ലഹരിക്കെതിരെ 108 ഓളം യുപി സ്കൂളുകളിൽ പുസ്തക ചങ്ങാത്തം വഴി 5000 പുസ്തകം വിതരണം ചെയ്തും,പക്ഷികൾക്കായി 54 യുപി സ്കൂളുകളിൽ പാന - സ്നാന പാത്രങ്ങൾ നൽകിയും കമ്പ്യൂട്ടർ ഗെയിമുക്കൾക്കെതിരെ റൂബിക്സ് പരീശിലനം നല്കിയും ,തെരഞ്ഞെടുക്കപ്പെട്ട എൽ പി വിദ്യാലയങ്ങളിൽ പക്ഷികൾക്കായി ഭോജന കിറ്റുകൾ വിതരണം ചെയ്തും ശ്രദ്ധേയനാണ് 24 കേരള ബറ്റാലിയൻ എൻ സി സി യിലെ മേജർ റാങ്കിലുള്ള അസോസിയേറ്റഡ് എൻസിസി ഓഫീസർ കൂടിയായ മേജർ പി.ജെ സ്റ്റൈജു.

വരും ദിവസങ്ങളിലും വിശ്രമവേളകളും ഉചിതമായി ഉപയോഗിക്കാനായി കുട്ടികൾക്ക് കരുണയുടെ നല്ല പാഠങ്ങൾ രചിക്കുന്ന ഇത്തരം പ്രവർത്തനങ്ങൾ തുടരുമെന്നും മാസ്റ്റർ കൂട്ടിച്ചേർത്തു. ഞങ്ങൾ മാതാപിതാക്കളെ സഹായിക്കാൻ ചെയ്ത കൊച്ചു പ്രവർത്തനങ്ങളെ ഉയർത്തി കാട്ടി ആദരിച്ച അധ്യാപക സമൂഹത്തെ നന്ദിയോടെ ഓർക്കുമെന്ന് മറുപടി പ്രസംഗത്തിൽ ആദിത്യ പറഞ്ഞു. കരുണ നിറഞ്ഞ ഇത്തരം പ്രവർത്തനങ്ങൾ നടത്തുന്ന മേജർ പി.ജെ. സ്റ്റൈജുവിനെ തൃശ്ശൂർ ജില്ലാ ഹയർ സെക്കൻറി സംസ്കൃത ഫോറം അധ്യാപകർ ആദരിച്ചു.

പി.കെ. അബ്ദുല്ല നിര്യാതനായി

കാളത്തോട്: കാളത്തോട് കൃഷ്ണാപുരം പാലിയ താഴത്ത് വീട്ടിൽ അബ്ദുള്ള (85) നിര്യാതനായി. കബറടക്കം കാളത്തോട് മഹല്ല് ഖബർസ്ഥാനിൽ നടന്നു. ഭാര്യ സൗദ, മക്കൾ നസീർ (കുവൈറ്റ്) അൻവർ (പുതുക്കാട് ഗ്രാമ പഞ്ചായത്ത്) മരുമക്കൾ ആബിദ നസീർ, ഫൗസിയ അൻവർ

ജന്മശതാബ്ദി നിറവിൽ കൃഷ്ണേട്ടന് നാടിന്റെ ആദരം

പാവറട്ടി :നൂറാം പിറന്നാൾ ആഘോഷിക്കുന്ന പ്രമുഖ ഗാന്ധിയനും, സ്വാതന്ത്ര്യ സമരത്തിലെ സജീവ പങ്കാളിയുമായിരുന്ന കൃഷ്ണേട്ടൻ എന്ന വലിയപുരക്കൽ കൃഷ്ണനെ മരുതയൂർ ശ്രീനാരായണ ഗുരുദേവ യുവജന സംഘം ആദരിച്ചു.

അഡ്വ. സുജിത് അയിനിപ്പുള്ളിയുടെ അദ്ധ്യക്ഷതയിൽ കൃഷ്ണേട്ടന്റെ വീട്ടിൽ വെച്ച് നടന്ന ചടങ്ങിന് ബിൻസുദാസ് വടാശ്ശേരി ഉദ്ഘാടനം ചെയ്തു. ചടങ്ങിൽ അജീഷ് അമ്പാടി, ജിജേഷ് നമ്പാത്ത്, ഷാനു വടാശ്ശേരി, ഷാജി അരയം പറമ്പിൻ, ശശികുമാർ വടാശ്ശേരി എന്നിവർ ആശംസകളർപ്പിച്ച് സംസാരിച്ചു. ജവഹർലാൽ നെഹ്റു പ്രധാന മന്ത്രിയായിരിക്കവേ പാവറട്ടി സെന്റ് ജോസഫ്സ് ഹൈസ്കൂളിൽ പങ്കെടുത്ത യോഗത്തിലെ

പ്രത്യേക ക്ഷണിതാവായിരുന്നു കൃഷ്ണേട്ടൻ. കൂടാതെ ഗുരുവായൂരിൽ കേളപ്പജി പങ്കെടുത്ത ഗുരുവായൂർ ക്ഷേത്ര പ്രവേശന ദിനാചരണത്തിലും പങ്കെടുത്ത കൃഷ്ണേട്ടൻ നാളെയെയായി വിവിധ സാമൂഹ്യ സാംസ്കാരിക വ്യാപാര സംഘടനകളുടെ സജീവ പ്രവർത്തകനും കൂടിയാണ്.

THRISSUR DISTRICT AYURVEDIC CO-OPERATIVE HOSPITAL LTD, NO. R. 814

Sree Kerala Varma College Road, Kanattukara P.O., Thrissur-680011

Phone: 2380152

ക്വട്ടേഷൻ പരസ്യം

സംഘം ആശുപത്രിയിൽ ട്രസ്സ് വർക്കും ഗേറ്റ് വർക്കും ചെയ്യുന്നതിന് ക്വട്ടേഷൻ ക്ഷണിച്ചുകൊള്ളുന്നു. ക്വട്ടേഷനുകൾ 16-04-2025ന് 4 മണിക്ക് മുമ്പായി സംഘം ഓഫീസിൽ ലഭിച്ചിരിക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾ സംഘം ഓഫീസിൽ നിന്ന് ലഭിക്കുന്നതാണ്.

സ്ഥലം: കാനാട്ടുകര, തിയ്യതി: 09-04-2025.

എന്ന് ആജ്ഞാനുസരണം
സെക്രട്ടറി (ഒപ്പ്)

വിനോദയാത്ര വൈകി, കാഴ്ചകൾ നഷ്ടപ്പെട്ടു, 22500 രൂപ നൽകുവാൻ വിധി

തൃശൂർ: വിനോദയാത്ര വൈകി കാഴ്ചകൾ നഷ്ടപ്പെട്ടതിനെ ചോദ്യം ചെയ്ത് ഫയൽ ചെയ്ത ഹർജിയിൽ പരാതിക്കാർക്ക് അനുകൂല വിധി. തൃശൂർ പറവട്ടാനിയിലുള്ള പ്രിയദർശിനി നഗറിലെ പി.ആർ.ജേക്കബ്, ഭാര്യ പുഷ്പ റാണി എന്നിവർ ഫയൽ ചെയ്ത ഹർജിയിലാണ് ഫോർച്യൂൺ ഡെസ്റ്റിനേഷൻ മാനേജ്മെന്റ് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡിന്റെ തൃശൂരിലെ മാനേജർക്കെതിരെയും എറണാകുളത്തെ മാനേജിങ്ങ് ഡയറക്ടർക്കെതിരെയും ഇപ്രകാരം വിധിയായത്.ഹർജിക്കാർ സിംഗപ്പൂർ, മലേഷ്യ ടൂറാണ് ബുക്ക് ചെയ്തിരുന്നത്. യാത്ര പുറപ്പെടുന്നതിനായി ഹർജിക്കാർ കൊച്ചിൻ ഇൻറർനാഷണൽ എയർപോർട്ടിലേക്ക് വരുന്ന വഴിയെ, അത്താണിയിലുള്ള ഹോട്ടലിലെത്തുവാൻ എതിർകക്ഷികൾ ആവശ്യപ്പെടുകയായിരുന്നു. അപ്രകാരം ഹോട്ടലിലെത്തിയ ഹർജിക്കാരോട് അടുത്ത ദിവസമേ യാത്ര പുറപ്പെടാനാവൂ എന്നറിയിക്കുകയായിരുന്നു. വൈകിപ്പുറപ്പെടുന്നതുകൊണ്ട് ഒരു ദിവസത്തെ കാഴ്ചകൾ നഷ്ടപ്പെടില്ലേ എന്ന് ചോദിച്ചപ്പോൾ മാന്യമായ നഷ്ടപരിഹാരം നല്കാമെന്നാണ് അറിയിച്ചത്.എന്നാൽ യാത്ര കഴിഞ്ഞ് നാട്ടിലെത്തി നാളുകൾ കഴിഞ്ഞിട്ടും നഷ്ടം നൽകുകയുണ്ടായില്ല.തുടർന്ന് ഹർജി ഫയൽ ചെയ്യുകയായിരുന്നു. വിസാ സംബന്ധമായ പ്രശ്നങ്ങൾ കൊണ്ടാണ് ഒരു ദിവസം നഷ്ടപ്പെട്ടതെന്നും അത് അവരുടെ കൈപ്പിടിയിൽ ഒതുങ്ങുന്ന സംഭവമായിരുന്നില്ല എന്നുമായിരുന്നു എതിർകക്ഷികളുടെ വാദം.കോടതി ഈ വാദങ്ങൾ അംഗീകരിക്കുകയുണ്ടായില്ല. തെളിവുകൾ പരിഗണിച്ച പ്രസിഡണ്ട് സിടിസാബു, മെമ്പർമാരായ ശ്രീജ.എസ്, ആർ.റാം മോഹൻ എന്നിവരടങ്ങിയ തൃശൂർ ഉപഭോക്തൃ കോടതി ഹർജിക്കാർക്ക് നഷ്ടപരിഹാരമായി 10000 രൂപ വീതം മൊത്തം 20000 രൂപയും ചിലവിലേക്ക് 2500 രൂപയും നൽകുവാൻ കല്പിച്ച് വിധി പുറപ്പെടുവിക്കുകയായിരുന്നു. ഹർജിക്കാർക്ക് വേണ്ടി അഡ്വ.ഏ.ഡി.ബെന്നി ഹാജരായി വാദം നടത്തി.

വിശ്വദീപ്തി സൊസൈറ്റിയുടെ പേരിൽ തട്ടിപ്പ്: മാനേജർ ജീവലതയെ പോലീസ് അറസ്റ്റ് ചെയ്തു



ഇരിങ്ങാലക്കുട : ഇരിങ്ങാലക്കുട ചന്തക്കുന്നിൽ പ്രവർത്തിക്കുന്ന വിശ്വദീപ്തി മൾട്ടി സ്റ്റേറ്റ് അഗ്രി കോ-ഓപ്പറേറ്റീവ് സൊസൈറ്റി എന്ന സ്ഥാപനത്തിൽ പണം നിക്ഷേപിച്ചാൽ കൂടുതൽ പലിശ നൽകാമെന്ന് പറഞ്ഞ് വിശ്വസിപ്പിച്ച് വല്ലച്ചിറ സ്വദേശിയിൽ നിന്ന് 13,50,000 രൂപയും, തലോർ സ്വദേശിയിൽ നിന്ന് 1,00,000 രൂപയും, കോണത്തുകുന്ന് സ്വദേശിയിൽ നിന്ന് 15,00,000 രൂപയും, ഇരിങ്ങാലക്കുട സ്വദേശിയിൽ നിന്ന് 5,50,000 രൂപയും ഫിക്സഡ് ഡെപ്പോസിറ്റ് ആയി വാങ്ങിയതിനു ശേഷം പലിശ നൽകാതെയും നിക്ഷേപിച്ച പണം തിരികെ നൽകാതെയും തട്ടിപ്പ് നടത്തിയ സംഭവത്തിൽ പ്രതികളിൽ ഒരാളും സ്ഥാപനത്തിന്റ മാനേജരുമായ മുട്ടിത്തടി സ്വദേശിനി അറക്കൽ വീട്ടിൽ ജീവലതയെ (39) ഇരിങ്ങാലക്കുട പോലീസ് അറസ്റ്റ് ചെയ്തു.

വല്ലച്ചിറ സ്വദേശിയുടെ പരാതിയിൽ ഫെബ്രുവരി 14നും, തലോർ സ്വദേശിയുടെ പരാതിയിൽ മാർച്ച് 8നും, കോണത്തുകുന്ന് സ്വദേശിയുടെ പരാതിയിൽ മാർച്ച് 18നും, ഇരിങ്ങാലക്കുട സ്വദേശിയുടെ പരാതിയിൽ മാർച്ച് 20നും ഇരിങ്ങാലക്കുട പോലീസ് സ്റ്റേഷനിൽ എഫ് ഐ ആർ രജിസ്റ്റർ ചെയ്തിരുന്നു. ഈ 4 കേസുകളിലും അന്വേഷണം നടത്തി വരുന്നതിനിടെ ജീവലതയെ മുട്ടിത്തടിയിലുള്ള വീട്ടിൽ നിന്ന് കൂട്ടിക്കൊണ്ടുവന്ന് ഇരിങ്ങാലക്കുട പോലീസ് സ്റ്റേഷനിൽ വെച്ചാണ് അറസ്റ്റ് രേഖപ്പെടുത്തിയത്. കോടതിയിൽ ഹാജരാക്കിയ ജീവലതയെ റിമാന്റ് ചെയ്തു.

ഇരിങ്ങാലക്കുട പോലീസ് സ്റ്റേഷൻ സർക്കിൾ ഇൻസ്പെക്ടർ എം എസ് ഷാജൻ, സബ്ബ് ഇൻസ്പെക്ടർമാരായ സി എം ക്ലീറ്റസ്, പ്രസന്നകുമാർ, എ.എസ്.ഐ.മാരായ സുനിത, ഷാബു, സി.പി.ഒ.മാരായ സിജു, ജോവിൻ എന്നിവരാണ് അന്വേഷണ സംഘത്തിൽ ഉണ്ടായിരുന്നത്.

കെഎം മാണി രാഷ്ട്രീയ രംഗത്തെ അതുല്യപ്രതിഭ : കേരള കോൺഗ്രസ്

തൃശൂർ: ഇന്ത്യൻ രാഷ്ട്രീയത്തിൽ പ്രതിഭസംഭന്നമായ മാതൃകാപരമായ രാഷ്ട്രീയ നേതൃത്വത്തിൻറെ ഉടമയായിരുന്ന കെഎം മാണി തുറന്ന പാഠപുസ്തകം ആയിരുന്നുവെന്ന് കേരള കോൺഗ്രസ് ഡെപ്യൂട്ടി ചെയർമാൻ ഗവൺമെൻറ് ചീഫ് അഡ്വക്കേറ്റ് തോമസ് ഉണ്ണിയാടൻ അഭിപ്രായപ്പെട്ടു. കേരള കോൺഗ്രസ് ജില്ലാ കമ്മിറ്റി സംഘടിപ്പിച്ച കെ എം മാണിയുടെ ചരമവാർഷിക ദിനാചരണത്തിന്റെ ഭാഗമായി അനുസ്മരണ സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. യോഗത്തിൽ കേരള കോൺഗ്രസ് ജില്ലാ പ്രസിഡൻറ് സി വി കുര്യാക്കോസ് അധ്യക്ഷത വഹിച്ചു. കേരള കോൺഗ്രസ് വൈസ് ചെയർമാൻ എംപി പോളി മുഖ്യ അനുസ്മരണ പ്രഭാഷണം നടത്തി. കേരള യൂത്ത് ഫണ്ട് സംസ്ഥാന പ്രസിഡണ്ട് കെ. വി. കണ്ണൻ, ഉന്നത അധികാര സമിതി അംഗം ജോൺസൺ കാഞ്ഞിരത്തിങ്കൽ കേരള കോൺഗ്രസ് ജില്ലാ ജനറൽ സെക്രട്ടറി ഇടിച്ചൻ തരകൻ, ജില്ലാവൈസ് പ്രസിഡണ്ട് തോമസ് ആന്റണി, കർഷക യൂണിയൻ ജില്ലാ പ്രസിഡണ്ട് ടി എ പ്ലാസ്സിഡ് കേരള കോൺഗ്രസ് ജനറൽ സെക്രട്ടറിമാരായ ഉണ്ണി വിയ്യൂർ, ജോസഫ് കാരക്കട, ഷാജി തോമസ്, സി കെ ഫ്രാൻസിസ്, വിവേക് വി ൻസെന്റ് കെ ഡി സാബു, ലാസ് കെ ജെയിംസ്,ഡേവിസ് നായിത്തോട്,

സപ്ലിമെന്റ് പ്രകാശനം

തൃശൂർ: കേരള ജേർണ്ണലിസ്റ്റ് സ് യൂണിയൻ സംസ്ഥാന സമ്മേളനത്തോടനുബന്ധിച്ച് തൃശൂർ ജില്ലാ കമ്മിറ്റി പ്രസിദ്ധീകരിച്ച സപ്ലിമെന്റ് തൃശൂരിൽ നടന്ന ചടങ്ങിൽ കെ.ജെ.യു സംസ്ഥാന എക്സിക്യൂട്ടീവ് കമ്മിറ്റി അംഗവും ഐ.ജെ.യു ദേശീയ സമിതി അംഗവുമായ ജോസ് താടിക്കാരൻ എഴുത്തുകാരൻ കെ.വി ഉണ്ണികൃഷ്ണന് കൈമാറി പ്രകാശനം ചെയ്യുന്നു. കെ.ജെ.യു ജില്ലാ വൈസ് പ്രസിഡണ്ട് കെ.ആർ മധു അധ്യക്ഷത വഹിച്ചു. ജില്ലാ സെക്രട്ടറി സ്റ്റാൻലി കെ.സാമുവൽ, ട്രഷറർ എൻ.പി ഉദയകുമാർ എന്നിവർ പങ്കെടുത്തു.

അവിണിശ്ശേരി പഞ്ചായത്ത് വനിതാ സാമൂഹ്യക്ഷേമ സഹകരണ സംഘം ക്ലിപ്തം നമ്പർ R 1529

അവിണിശ്ശേരി പി ഒ., തൃശൂർ ജില്ല-680306

അറിയിപ്പ്

സംഘത്തിൽ ഒഴിവു വന്നിട്ടുള്ള സെക്രട്ടറി തസ്തികയിലേക്ക് സഹകരണ നിയമം അനുസരിച്ച് യോഗ്യതയുള്ള വരിൽനിന്നും അപേക്ഷ ക്ഷണിക്കുന്നു. പ്രതിമാസം മൊത്തം വേതനം 8000/-രൂപ. അപേക്ഷ ലഭിക്കേണ്ട അവസാന തിയ്യതി **15-05-2025**

8-4-2025

(ഒപ്പ്) **പ്രസിഡണ്ട്**